NETWORK CANCER AID & RESEARCH FOUNDATION

Fight to cure

NCARF

# അർബുദം – ഇനി പേടിക്കണ്ട




**ഭീതിയോ ഭയാശങ്കകളോ ഇല്ലാതെ ഇനിമുതൽ സ്താനാർബുദം എന്ന രോഗാവസ്ഥയെ നേരിടാം**

**സ്തനാർബുദം തുടക്കത്തിലെ കണ്ടുപിടിക്കൂ, പൂർണ്ണമായി പ്രതിരോധിക്കൂ**

സ്തനാർബുദം ലോകം മുഴുവനുമുള്ള സ്ത്രീകളെ ബാധിക്കുന്ന ഒരു രോഗമായി മാറിക്കൊണ്ടിരിക്കുന്നു. ഇന്ത്യയിലും സ്ഥിതി വ്യത്യസ്തമല്ല. മറ്റുള്ള അർബുദങ്ങളെ അപേക്ഷിച്ച്, സ്തനാർബുദമാണ് ഇന്ത്യയിലെ സ്ത്രീകളിൽ കൂടുതലായി കാണപ്പെടുന്നത്. അറിവില്ലായ്മകൊണ്ടും, സ്തനാരോഗ്യം നിർണ്ണയിക്കുന്ന ഉപകരണങ്ങളുടെ അഭാവം കൊണ്ടും, സ്താനാരോഗ്യപരിപാലനത്തെ പറ്റിയുള്ള നൂതനമായ അറിവുകൾ സ്ത്രീകളിൽ എത്താത്തതുകൊണ്ടും കൂടുതൽ സ്തനാർബുദാവസ്ഥയും കണ്ടുപിടിക്കപ്പെടുന്നത് വളരെ വൈകി മാത്രമാണ്.

കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളിൽ കേരളത്തിനുണ്ടായ പുരോഗതി കേരളീയരുടെ ജീവിതരീതിയെ മാറ്റിമറിക്കുകയും, ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്ന പരമ്പരാഗത ആഹാരരീതിയിൽ നിന്നും വ്യതിചലിച്ച് പുതിയവയെ സ്വീകരിക്കുകയും ചെയ്തു. ആഹാരരീതിയിലുള്ള ഈ മാറ്റം പല രോഗങ്ങൾക്കും കാരണമാവുകയും ജീവിത ശൈലിരോഗങ്ങളുടെ ഭാഗമായ സ്തനാർബുദവും കേരളത്തിൽ വേരുറപ്പിക്കുവാൻ ഇടയാക്കുകയും ചെയ്തു. ഇന്ന് ഇന്ത്യയുടെ സംസ്ഥാനങ്ങളിൽ നമ്മുടെ കൊച്ചു കേരളത്തിലാണ് ഏറ്റവും കൂടുതൽ സ്തനാർബുദ രോഗികളുള്ളത്. സ്തനാർബുദം മൂലമുള്ള മരണനിരക്കിലും കേരളം തന്നെയാണ് മുൻപന്തിയിൽ.

ഒരു വലിയ ശതമാനം കേരളീയ സ്ത്രീകളും, സ്തനാരോഗ്യ സംരക്ഷണത്തെപ്പറ്റി അറിവില്ലാത്തവരോ പരിശോധന നടത്തുവാൻ താല്പര്യമില്ലാത്തവരോ ആണ്. ആദ്യകാല സ്തനാർബുദ സൂചകങ്ങളായ തളർച്ച, ആർത്തവചക്രവ്യതിയാനങ്ങൾ, ദഹനസംബന്ധമായ പ്രശ്നങ്ങൾ, നടുവേദന തുടങ്ങിയവ വലിയ ഒരു വിഭാഗം സ്ത്രീകളും അവഗണിക്കുവാനുള്ള പ്രധാനകാരണം, ഈ സൂചകങ്ങൾക്ക് സ്ത്രീസഹജമായ മറ്റു പല രോഗങ്ങളുടെയും ലക്ഷണങ്ങളുമായി സാമ്യമുള്ളതുകൊണ്ടാണ്. സാമൂഹിക വിലക്കുകളും കെട്ടുകഥകളും, കേട്ടറിവുകളും, തെറ്റിദ്ധാരണകളും ആണ് ഈ രോഗാവസ്ഥയെ കണ്ടുപിടിക്കുന്നതിന് തടസ്സമായി നിൽക്കുന്ന മറ്റു കാരണങ്ങൾ. രോഗം മൂർച്ഛിച്ചു കഴിഞ്ഞുള്ള ചികിത്സകൾ കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത തകർക്കുകയോ, കുടുംബശിഥിലീകരണത്തിനു തന്നെയോ കാരണമായേക്കാം.

ചിലവേറിയതും, റേഡിയേഷനും മറ്റ് അസ്വസ്ഥതകൾ ഉള്ളതുമായ മാമോഗ്രാഫി, ഒരു പ്രാഥമിക സ്തനാരോഗ്യ നിർണ്ണയത്തിനുള്ള ഉപകരണമെന്ന നിലയിൽ സ്ത്രീകൾ ഇഷ്ടപ്പെടുന്നില്ല. അതുപോലെ തന്നെ, ചിലവ് അധികമുള്ള അൾട്രാസൗണ്ടും, ബ്രസ്റ്റ് എം.ആർ.ഐയും സ്ത്രീകൾ അവഗണിക്കുന്നു. ക്ലീനിക്കൽ ബ്രസ്റ്റ് എക്സാം (CBE) സെൽഫ് ബ്രസ്റ്റ് എക്സാം (SBE) എന്നീ പരിശോധനകൾക്ക് സ്തനങ്ങളിലെ അസ്പഷ്ടമായ വ്യതിയാനങ്ങൾ തുടക്കത്തിൽത്തന്നെ തിരിച്ചറിയുവാൻ സാധിക്കുകയില്ല. അതിനാൽ സ്തനാർബുദം തുടക്കത്തിലെ കണ്ടെത്തുവാനും, തുടർചികിത്സയിലൂടെ നിയന്ത്രിക്കുവാനുമുള്ള ഒരു രൂപരേഖയാണ് ഇന്നിന്റെ ആവശ്യം.



# ഐ ബ്രെസ്റ്റ് എക്സാം

(iBreast Exam- Intelligent Breast Examination)

U E ലൈഫ് സയൻസിന്റെ നൂതന ആവിഷ്കാരമായ ഐ ബ്രെസ്റ്റ് എക്സാം (iBreast Exam) എന്ന ഉപകരണം, ഈ കാലഘട്ടത്തിന്റെ അനിവാര്യതയായി മാറുന്നത് മുൻപ് ഉദ്ദരിച്ച കാരണങ്ങൾ കൊണ്ടാണ്. വേദനരഹിതവും, റേഡിയേഷൻ ഇല്ലാത്തതും, നൂതന സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്നതുമായ ഈ ഉപകരണം ഉപയോഗിച്ച് വളരെ കുറഞ്ഞ ചിലവിൽ സ്തനാരോഗ്യം തുടക്കത്തിലെ നിർണ്ണയിക്കുവാൻ സാധിക്കും. FDA അംഗീകാരവും, C E മാർക്കിംഗും ലോകാരോഗ്യസംഘടനയുടെ (W H O)സാക്ഷ്യവും ലഭിച്ച ഈ ഉപകരണം 8-10 മിനിറ്റിനുള്ളിൽ സ്തനാരോഗ്യത്തെക്കുറിച്ചുള്ള ഒരു സമ്പൂർണ്ണ ചിത്രം നമുക്കു നൽകും. ഇതിനോടകം തന്നെ 12 രാജ്യങ്ങളിൽ ലക്ഷോപലക്ഷം സ്ത്രീകൾ iBreast Exam ന്റെ സാധ്യതകൾ ഉപയോഗിച്ചു കഴിഞ്ഞു.

സുരക്ഷിതവും ഫലപ്രദവും ചിലവുകുറഞ്ഞതുമായ "iBreast Exam" സ്തനാരോഗ്യപരിരക്ഷ മേഖലയിലെ ഒരു പുതിയ കാൽവയ്പ്പാണ്. iBreast Exam സ്തനാർബുദ സാധ്യതകൾ തുടക്കത്തിലെ കണ്ടുപിടിക്കുമെങ്കിലും സ്തനാർബുദം സ്ഥിരീകരിക്കുകയോ, പഠനഫലം അപഗ്രഥിക്കുകയോ ചെയ്യുകയില്ല. ഐ ബ്രെസ്റ്റ് എക്സാം (iBreast Exam) ഉപയോഗിച്ച് കണ്ടുപിടിച്ച സ്തനാർബുദ സൂചകങ്ങൾ ഉള്ളവർ മാത്രം മാമോഗ്രാഫിയുടെയോ, അൾട്രാസൗണ്ടിന്റെയോ പരിശോധനകൾക്ക് വിധേയരായാൽ മതിയാകും. ഇങ്ങനെ ചെയ്യുന്നതുകൊണ്ടുള്ള ഒരു സുപ്രധാന നേട്ടം ശരീരാവയവങ്ങളെ അനാവശ്യമായ റേഡിയേഷന്റെ പാർശ്വഫലങ്ങളിൽ നിന്നും തടയുകയും ഇതിനു വേണ്ടിവരുന്ന ദുർചിലവുകൾ നിയന്ത്രിക്കുകയും ചെയ്യും എന്നതാണ്.

അർബുദം ഉണ്ടാകുവാനുള്ള കാരണങ്ങളെപ്പറ്റി ശാസ്ത്രീയ അവ്യക്തത ഇന്നും ഉണ്ടെങ്കിലും, അർബുദ സാദ്ധ്യതകൾ നമുക്കുണ്ടോ എന്ന് നാം തിരിച്ചറിഞ്ഞേ പറ്റൂ. ഇതിനായി തുടക്കത്തിലെ ഉള്ള പരിശോധനകൾ ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് മാത്രമല്ല, മറ്റു മാർഗ്ഗങ്ങളൊന്നുമില്ല എന്നതാണ് യാഥാർത്ഥ്യം. നമ്മുടെ കുടുംബത്തിലെ സ്ത്രീകളുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തേണ്ടത് നമ്മുടെ തന്നെ ഉത്തരവാദിത്വമാണ്. ഐ ബ്രെസ്റ്റ് എക്സാം (iBreast Exam) ഇന്ന് കേരള ജനതയ്ക്ക് അന്യമല്ല. കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള എല്ലാ ആശുപത്രികളിലും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഇന്ന് ഐ ബ്രെസ്റ്റ് എക്സാമിന്റെ (iBreast Exam) സാധ്യതകൾ ഉപയോഗിച്ചു വരുന്നു. ഇതിലൂടെ ലക്ഷക്കണക്കിന് സ്ത്രീകൾക്ക് ആശ്വാസം പകരുവാൻ ഇന്ന് ഐ ബ്രെസ്റ്റ് (iBreast Exam) എക്സാമിനു (iBreast Exam)സാധിച്ചിട്ടുണ്ട്. വിവിധ ക്യാമ്പുകളിലൂടെയും ബോധവത്കരണ പ്രവർത്തനങ്ങളിലൂടെയും ഐ ബ്രെസ്റ്റ് എക്സാം കേരളത്തിൽ മുന്നേറിക്കൊണ്ടിരിക്കുന്നു.

## ഇനി നമുക്ക്, ധൈര്യമായി സ്തനാർബുദത്തെ നേരിടാം